(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചീമേനി പഞ്ചായത്തിലുള്ള കാരക്കടവിലെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി ഒരു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം അറിയിക്കാമോ ;

(സി) ഈ പദ്ധതിക്കായി എത്ര ഉയരത്തിൽ ഡാം കെട്ടാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിനുവേണ്ടി എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരും ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചീമേനിക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടി ഫ്രഞ്ചു ഗവൺമെന്റിന്റെ ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ 76.5 ദശ ലക്ഷം ലിറ്റർ വെള്ളം പ്രതിദിനം വിതരണം ചെയ്യുവാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2030-മാണ്ടിൽ 9,93,900 ആളുകൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ വിഭാവനം ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ അടങ്കൽ തുക 190 കോടി രൂപയോളം വരും. ഈ പദ്ധതിയിൽ കാസർഗോഡ് ജില്ലയിലേ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയും ചെറുവത്തൂർ, നിലേശ്വരം, പെരോൾ എന്നി ബെൻസ്സ് ടൗണും, ചീമേനി, കയ്യൂർ, കളിയിക്കോട്, തിമിരി, കോടനാട്, പീലിക്കോട്, മരിയാട്, പാവ്ലൻ ഉദിനൂർ, തൃക്കരിപ്പൂർ നോർത്ത്, തൃക്കരിപ്പൂർ സൗത്ത്, ഒലമ്പൂർ, ചിറ്റാരി എന്നീ വില്ലേജുകളും, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റിയും ചെറുതാഴം ബെൻസ്സ് ടൗണും, രാമംതളി, കരിവെള്ളി കൽക്കോൽ ആലപ്പടം, കുന്നിമംഗലം മാടായി, പെരളം എന്നീ വില്ലേജുകളും ഉൾപ്പെടുന്നു. ഈ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ ധൃതഗതിയിൽ നടന്നു വരുന്നു.

(സി) ഡാമിന്റെ ഉയരം ഇപ്പോൾ 28 മീറ്ററായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) വാപ്കോസ് ലിമിറ്റഡ് എന്ന കേന്ദ്ര ഗവൺമെന്റ് ഏജൻസി ഇതുമായി ബന്ധപ്പെട്ട സർവ്വേ പ്രവർത്തി നടത്തിക്കൊണ്ടിരിക്കുകയാണ്. സർവ്വേ പൂർത്തിയായി റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ വിശദവിവരം നൽകുവാൻ സാധിക്കുകയുള്ളു.

ജലസേചന പദ്ധതികളുടെ റിപ്പയറിംഗ്

60 (224) ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. എം. കെ. മുനീർ:
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾക്ക് വേണ്ടി വരുന്ന റിപ്പയറിംഗിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് റിപ്പയറിംഗ് ജോലികൾ സമയത്ത് നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സംവിധാനം ഉണ്ടോ ;

(സി) ഇല്ലെങ്കിൽ സംവിധാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജലസേചന പദ്ധതികളിൽ ആവശ്യമായി വരുന്ന അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) & (സി) ഉണ്ട്.

ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീം

61 (225) ശ്രീ. പി. രാജു ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ടെണ്ടർ നടപടി സ്വീകരിക്കുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ;

(ബി) ചൊവ്വര പദ്ധതിക്ക് ഏത് ഏജൻസിയാണ് വായ്പ നൽകുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വായ്പ തുക എത്രയെന്നും എന്നാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിച്ചു എന്ന് പൂർത്തിയാക്കണം എന്നാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി ടെണ്ടർ നടപടി പൂർത്തിയാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണികൾ ധൃതഗതിയിൽ പൂർത്തീകരിക്കാൻ സ്കീമിന്റെ എല്ലാ ഘടകങ്ങളുടേയും നിർമ്മാണം ഇ.പി.സി.എം. വ്യവസ്ഥയിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകുവാൻ തത്വത്തിൽ അതോറിറ്റി തീരുമാനമെടുത്തു. ഈ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും 5530 ലക്ഷം രൂപയുടെ ഓഫർ ലഭിക്കുകയുണ്ടായി. എന്നാൽ ഈ ഓഫർ കൂടിയ നിരക്കായതിനാൽ അവരുമായി വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർ ചർച്ചകൾ നടത്തിയെങ്കിലും തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. സർക്കാർ 20-12-1999-ൽ സ.ഉ (സാധാ) 1579/99/ഇറി.വ പ്രകാരം ഒരു മൂന്നംഗകമ്മിറ്റിയെ ഓഫർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കമ്മിറ്റി ഇത് പരിശോധിച്ച് വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിയശേഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly